23/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1521*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13262**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി ശ്രീകല ആർ.,<br>ശ്രീവത്സം,<br>വിജയാംബിക റോഡ്,<br>അരൂർ പി.ഒ., പിൻ – 688 534. | അപ്പീൽ ഹർജിക്കാരി |

Vs

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ.,<br>എറണാകുളം – 682 030.<br><br>2. അപ്പീൽ അധികാരി&<br>വിദ്യാഭ്യാസ ഉപഡയറക്ടർ,<br>വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,<br>സിവിൽ സ്റ്റേഷൻ, കാക്കനാട് പി.ഒ.,<br>എറണാകുളം – 682 030. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 15.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 26.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.11. 2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 20.11. 2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.(by authorisation)<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരി 15.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 10.07.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി ആവശ്യപ്പെട്ട 2016–17 വർഷത്തെ എറണാകുളം റവന്യൂ ജില്ല കലോത്സവവുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ എല്ലാംതന്നെ നിലവിലെ സാഹചര്യത്തിൽ എടുത്തു നൽകുന്നതിന് കാലതാമസം എടുക്കുന്നതാണ് എന്ന വസ്തുത കണക്കിലെടുത്ത്, ടി തപാൽ ലഭ്യമായ അടുത്ത ദിവസങ്ങളിൽ തന്നെ 2016–17 വർഷത്തെ കലോത്സവവുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൽ ലഭ്യമായ എല്ലാ രേഖകളും മുൻകൂർ അനുവാദത്തോടുകൂടി ടിയാൾക്ക് നേരിട്ട് പരിശോധിക്കാൻ അവസരം നൽകന്നതാണെന്നും കോവിഡ്–19 മഹാമാരിയുമായി ബന്ധപ്പെട്ട് ടി കാര്യാലയത്തിൽ ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഹർജിക്കാരി പരിശോധനയ്ക്കായി ഹാജരാകാൻ ഉദ്ദേശിക്കുന്ന ദിവസം മുൻകൂട്ടി അറിയിക്കേണ്ടതാണെന്നും രേഖകളുടെ പരിശോധന ആദ്യ ഒരു മണിക്കൂറിന് സൗജന്യമായും പിന്നീട് വരുന്ന ഓരോ അരമണിക്കൂറിനും അതിന്റെ അംശത്തിനും 10/- രൂപ നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 26.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 15.06.2020ലെ ഹർജിക്കാരിയുടെ അപേക്ഷ പ്രകാരം ആവശ്യപ്പെട്ട 1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ടി കാര്യാലയത്തിലെ ലഭ്യമായ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുന്നതിനായി പേജൊന്നിന് 2/- രൂപ നിരക്കിൽ 382 പേജിനായി 764/- രൂപ വിവരാവകാശ നിയമപ്രകാരം ഒടുക്കി രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പകർപ്പുകൾ ടി കാര്യാലയത്തിൽ നിന്നും നൽകുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരിക്ക് മറുപടി നൽകിയിട്ടുണ്ടെന്ന്

ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരിയ്ക്ക് 22.07.2020നാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നു കമ്മീഷനു ബോധ്യമാകുന്നു. ഇപ്രകാരം മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. പ്രസ്തുത എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ ഹർജിക്കാരിയ്ക്ക് സൗജന്യമായി രേഖകൾ നൽകണമെന്നു കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 16.01.2023ന് കമ്മീഷനു നൽകിയ റിപ്പോർട്ടിൽ ഹർജിക്കാരി ആവശ്യപ്പെട്ടതിൽ ലഭ്യമായ വിവരങ്ങൾ ടിയാൾക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/